# ഏലിയാ ശ്ലീവ മൂശക്കാലം
## വചന വിചിന്തനം
### ശ്ലീവാക്കാലം : രണ്ടാം ഞായർ
### മത്താ 17,14–27

"വിശ്വാസമെന്നത്
നമ്മെ അൽഭുതങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുന്ന ശക്തിയെന്നതിലുപരി,
ദൈവത്തിന്റെ അൽഭുതകരമായ ഇടപെടലിന് വഴിയൊരുക്കുന്ന
ദൈവാശ്രയബോധം
എന്നൊരു നിർവ്വചനം കൂടെയുണ്ട്!"

ദൈവത്തിന്റെയും
ദൈവജനത്തിന്റെയും
മുമ്പിൽ
നാണം കെടുന്ന
ശിഷ്യൻമാർ.
പക്ഷെ,
അതിൽ അവർ തോറ്റ്
പോകുന്നില്ല.
മറിച്ച്,
തോൽവികളെ
വിജയത്തിലേയ്ക്കുളള
ചവിട്ട് പടിയാക്കുന്നു.

ശിഷ്യൻമാരുടെ അടുത്ത് അപസ്മാരരോഗിയായ തന്റെ മകന്റെ സൗഖ്യത്തിന് വേണ്ടി കേഴുന്ന പിതാവ്. ശിഷ്യൻമാർ കിണഞ്ഞ് പരിശ്രമിച്ചിട്ടും സൗഖ്യം സമ്മാനിക്കാൻ സാധിക്കാതെ വരുമ്പോൾ രോഗിയുടെ പിതാവ് കണ്ണുനീർ ഒലിച്ചിറങ്ങുന്ന കവിളും കദനം തിങ്ങുന്ന ഹൃദയവുമായി ക്രിസ്തുവിൽ ശരണം തേടുന്നു. ഹൃദയവികാരങ്ങൾ വിവേചിച്ചറിയുന്നവൻ അവന്റെ കുഞ്ഞിന് സൗഖ്യം സമ്മാനിക്കുന്നു. തുടർന്ന്, ആരുമില്ലാത്ത സമയത്ത് ശിഷ്യർ കർത്താവിന്റെ സന്നിധിയിൽ വന്ന് കാര്യമന്വേഷിക്കുന്നു,

"അനന്തരം ശിഷ്യൻമാർ തനിച്ച് യേശുവിനെ സമീപിച്ചു ചോദിച്ചു. എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്? യേശു പറഞ്ഞു: നിങ്ങളുടെ അൽപവിശ്വാസം കൊണ്ടു തന്നെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്ക്യാതൊന്നും അസാധ്യമായിരിക്കുകയില്ല" (മത്താ 17,19–21).

കർത്താവ് പറഞ്ഞ കാര്യങ്ങളിൽ രണ്ട് കാര്യങ്ങൾ സ്പഷ്ടമാണ്. ഒന്ന്, നിങ്ങൾക്ക് അൽപ്പവിശ്വാസമുണ്ട്. പക്ഷെ, വിശ്വാസത്തിന്റെ പൂർണ്ണതയില്ല. രണ്ട്, നിങ്ങൾക്ക് ഒരു കടുകുമണിയുടെ അത്രയ്ക്ക് പോലും വിശ്വാസമില്ല. അതുകൊണ്ടാണ് നിങ്ങൾക്ക് അൽഭുതം സമ്മാനിക്കാൻ സാധിക്കാതിരുന്നത്. എന്താണ് ഇതിൽ നിന്നും അനുവാചകർ മനസ്സിലാക്കേണ്ടത്. തീർത്തും നിസാരമായ ഒന്നാണ് കർത്താവ് ഇതിലൂടെ പങ്കുവയ്ക്കുന്നത്. നിങ്ങളുടെ അൽപ്പവിശ്വാസമെന്നത് അത് നിങ്ങളിൽ തന്നെയുള്ള വിശ്വാസമാണ്. ദൈവത്തിലുള്ള വിശ്വാസമല്ല. ഇത് വിശ്വാസത്തിന്റെ പൂർണ്ണതയല്ല. വിശ്വാസത്തെ ഹെബ്രായലേഖകൻ കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്; "വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്. ഇതുമൂലമാണ് പൂർവികൻമാർ അംഗീകാരത്തിന് അർഹരായത്" (ഹെബ്രാ 11,1–2). അതുകൊണ്ടാണ് നേരത്തെ കുറിച്ച് വച്ചത്; "വിശ്വാസമെന്നത് നമ്മെ അൽഭുതങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുന്ന ശക്തിയെന്നതിലുപരി, ദൈവത്തിന്റെ അൽഭുതകരമായ ഇടപെടലിന് വഴിയൊരുക്കുന്ന ദൈവാശ്രയബോധം എന്നൊരു നിർവ്വചനം കൂടെയുണ്ട്!"

തന്റെ പുത്രന്റെ സൗഖ്യത്തിന് വേണ്ടി കർത്താവിന്റെ സന്നിധിയിൽ

കേണപേക്ഷിക്കുന്ന പിതാവിന്റെ ദൈന്യത നിറഞ്ഞ മുഖമാണ് വചനഭാഗത്തിൽ. പിതാവ് കടന്നുവന്ന് അവന്റെ സന്നിധിയിൽ പ്രണമിച്ചുകൊണ്ടു പറഞ്ഞു: "കർത്താവേ, എന്റെ പുത്രനിൽ കനിയണമേ; അവൻ അപസ്മാരം പിടിപെട്ട് വല്ലാതെ കഷ്ടപ്പെടുന്നു. പലപ്പോഴും അവൻ തീയിലും വെള്ളത്തിലും വീഴുന്നു" (മത്താ 17,15). പാപത്തിന്റെയും രോഗത്തിന്റെയും കരാളഹസ്തത്തിൽ കത്തിയമരുന്ന മക്കളെയോർത്ത് നൊമ്പരപ്പെടുന്ന മാതാപിതാക്കൾക്ക് ഈ പിതാവിന് പരിഹാരമാർഗ്ഗമായി സമ്മാനിക്കാനുള്ളത് മൂന്ന് കാര്യങ്ങളാണ്;

1. സൗഖ്യം സമ്മാനിക്കാൻ കഴിവുള്ള കർത്താവിന്റെ സന്നിധിയിലെത്തുക.
2. സൗഖ്യം സമ്മാനിക്കാൻ കഴിവുള്ളവനെ പ്രണമിക്കുക.
3. സൗഖ്യം സമ്മാനിക്കാൻ കഴിവുള്ളവനോട് കേണപേക്ഷിക്കുക.

ജനക്കൂട്ടം ചുറ്റും നിൽക്കുമ്പോഴും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അയ്യാൾക്ക് ഒട്ടും കുറവില്ല. വിശ്വാസത്തിന്റെ അവഗണിക്കാത്ത ചങ്കുറപ്പിന്റെ സാക്ഷ്യപത്രമായി അയ്യാൾ മറ്റപ്പെടുകയാണ്. ഇന്നത്തെ തലമുറയ്ക്ക് നഷ്ടപ്പെടുന്നത് ഈ വിശ്വാസം തന്നെയാണ്.

**ജനക്കൂട്ടത്തിന് മുമ്പിൽ വച്ച് പിഴച്ച് പോയവർ കർത്താവിന്റെ മുമ്പിൽ തങ്ങളുടെ തോൽവിയുടെ കാര്യമന്വേഷിക്കുന്നു. കർത്താവ് ഉത്തരം സമ്മാനിക്കുകയും വിജയത്തിലേയ്ക്ക് നടന്നടുക്കുകയും ചെയ്യുന്നു.**

വിമാനത്തിൽ കയറിയ എഞ്ചിനീയർമാരും, പ്രഫസർമാരും വലിയ ആഘോഷത്തിമർപ്പിലാണ്. കാരണം, അവരുടെ ആദ്യത്തെ വിമാനയാത്രയാണത്! വിമാനം പറക്കും മുൻപ് സസ്പൻസ് പോലെ ആ അനൗൺസ്മന്റ് വന്നു:

"ഈ വിമാനം നിർമ്മിച്ചിരിക്കുന്നത് നിങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾ തന്നെയാണ്!"

അനൗൺസ്മന്റ് കേട്ടപാടെ അധ്യാപകർ എല്ലാവരും വാതിൽ തുറന്നു പുറത്തേക്കോടി! പക്ഷേ, പ്രിൻസിപ്പാൾ മാത്രം സീറ്റിൽ നിന്നു അനങ്ങിയില്ല. ഒരാൾ പ്രിൻസിപാളിനോട് ചോദിച്ചു:

"താങ്കളെന്താ മിഴിച്ചിരിക്കുന്നത്? താങ്കൾക്ക് പേടിയാകുന്നില്ലേ?"

പ്രിൻസിപ്പാൾ പറഞ്ഞു:

"ഇല്ല; എനിക്കെന്റെ വിദ്യാർഥികളിൽ പൂർണ്ണ വിശ്വാസമാണ്."

അയാൾ ആശ്ചര്യത്തോടെ പ്രിൻസിപ്പാളെ നോക്കി.

"അതെന്താ അങ്ങനെ?"

പ്രിൻസിപ്പാൾ കാരണം പറഞ്ഞു:

"ഈ വിമാനം സ്റ്റാർട്ടാകില്ല!"

അപസ്മാരരോഗിയെ സുഖപ്പെടുത്തുന്ന വചനഭാഗം വിശ്വാസത്തിന്റെ വിവിധ മാനങ്ങളാണ് സമ്മാനിക്കുന്നത്. ക്രിസ്തു ശിഷ്യൻമാർ ക്രിസ്തുവിനെ നന്നായി അറിയുകയും പഠിക്കുകയും ക്രിസ്തു ചെയ്യുന്ന കാര്യങ്ങൾ മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. ഈ അർത്ഥത്തിൽ അവർ വിശ്വാസികൾ തന്നെയാണ്. പക്ഷെ, ഇവരുടെ വിശ്വാസത്തിന് വലിയ ഒരു പോരായ്മയുണ്ട്. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും സമ്പൂർണ്ണ സമർപ്പണം നടത്തുന്ന തലത്തിലേയ്ക്ക് ഇനിയും ശിഷ്യൻമാർ വളരേണ്ടിയിരിക്കുന്നു. ഈ വിസ്വാസമാണ് അൽഭുതങ്ങൾ നടത്തുവാൻ ഒരുവനെ പ്രാപ്തമാക്കുന്ന വിശ്വാസം. "വിശ്വാസമെന്നത് നമ്മെ അൽഭുതങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുന്ന ശക്തിയെന്നതിലുപരി,

ദൈവത്തിന്റെ അൽഭുതകരമായ ഇടപെടലിന് വഴിയൊരുക്കുന്ന ദൈവാശ്രയബോധം എന്നൊരു നിർവ്വചനം കൂടെയുണ്ട്!"

"കർത്താവേ, എൻെറ പുത്രനിൽ കനിയണമേ; അവൻ അപസ്മാരം പിടിപെട്ട് വല്ലാതെ കഷ്ടപ്പെടുന്നു. പലപ്പോഴും അവൻ തീയിലും വെള്ളത്തിലും വീഴുന്നു" (മത്താ 17,2). മക്കളെ ജീവന് തുല്ല്യം സ്നേഹിക്കുന്ന എല്ലാ മാതാപിതാക്കളുടെയും വലിയ വ്യഥയാണിത്. തീയിലും വെള്ളത്തിലും വീഴാതെ കാത്തുസൂക്ഷിക്കാൻ പരിശ്രമിച്ചിട്ടും സാധിക്കാതെ വരുന്ന മാതാപിതാക്കളുടെ കണ്ണുനീർ! തീയിലും വെള്ളത്തിലും മക്കൾ വീഴാൻ കാരണം പിശാചാണ്. കാരണം, വചനം കൃത്യമായി പറയുന്നു; "യേശു അവനെ ശാസിച്ചു. പിശാച് അവനെ വിട്ടുപോയി. തത്ക്ഷണം ബാലൻ സുഖംപ്രാപിച്ചു" (മത്താ 17,18). എല്ലാ മതാപിതാക്കൾക്കും ആഗ്രഹമുണ്ട്, മക്കൾ തിൻമയുടെ ശക്തിവലയത്തിൽ പെട്ടുപോയി തീയിലും വെള്ളത്തിലും പോയി നശിച്ച് പോകരുതെന്ന്. എന്നിട്ടും, പലപ്പോഴും മക്കൾ തിരഞ്ഞെടുക്കുന്ന പാത നാശത്തിന്റെ പാത തന്നെയാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മാതാപിതാക്കൾക്ക് ചെയ്യാനുള്ളത്; ക്രിസ്തുവിന്റെ സന്നിധിയിൽ പ്രണമിച്ചുകൊണ്ടു കടന്ന് വരാനും, തന്റെ മനസ്സിനെ കീഴ്പ്പെടുത്തുന്ന വ്യഥകളെ അവന്റെ സന്നിധിയിൽ അർപ്പിക്കാനുമുള്ള ആത്മധൈര്യവുമാണ്!

**കർത്താവിനെ തനിച്ച് കാണാനും കർത്താവ് നൽകുന്ന ആശ്വാസവും പ്രോത്സാഹനവും സ്വീകരിക്കാനും നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു!**

"നീതിമാൻ
കഷ്ടിച്ചു മാത്രമേരക്ഷപെടുന്നുള്ളുവെങ്കിൽ
ദുഷ്ടൻെറയും പാപിയുടെയുംസ്ഥിതി
എന്തായിരിക്കും? !"

സുഭാ 11,31

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**